# ഒരു മുഖവുര
## (1 തിമൊഥെയൊസ് )

വില്യം ഡി. പോ പറഞ്ഞു, "പ്രായമുള്ള നല്ലവരായ ആളുകളാണ് യുവാക്കളെ സംസ്ക്കാരമുള്ളവരാക്കി മാറ്റുന്ന ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒന്ന്."[1] അതേ പോലെ, യുവാക്കളായ സുവിശേഷകന്മാരെ ആത്മികവും ശക്തിയുമുള്ളവരായി തീരുവാൻ ഉപകരിക്കുന്ന സത്യൗഷധമാണ് പ്രായം ചെന്ന ഒരപ്പൊസ്തലന്റെ ദൈവശ്വാസിയ സന്ദേശം! തിമൊഥെയൊസിനു പൗലൊസിന്റെ ആദ്യ ലേഖനം കിട്ടിയപ്പോൾ, അവൻ അതു വീണ്ടും വീണ്ടും വായിച്ചിരിക്കണം. ഈ ലേഖനത്തിൽ പ്രതിപാദിച്ചിരിക്കുന്ന "ധന്യനായ ഏകാധിപതിയും, രാജാധിരാജാവും കർത്താധികർത്താവും" ആയവനെ (6:15) പ്രതിനിധീകരിക്കുന്ന ഏതൊരു സുവിശേഷകനും തിമൊഥെയൊസ് ചെയ്തതുപോലെ ബുദ്ധിയോടെ പ്രവർത്തിക്കും. സ്വർഗ്ഗത്തിൽ അല്ലെങ്കിൽ നരകത്തിൽ അനശ്വരതയെ അഭിമുഖീകരിക്കുന്ന ആളുകളുമായി ദിവസവും ഇടപെടുന്ന ഭൂമിയിലെ സുവിശേഷകർക്ക് ഇതാ സ്വർഗ്ഗീയ സന്ദേശം. ഏല്പിക്കപ്പെട്ട ചുമതലയോ ലക്ഷ്യസ്ഥാനത്തിന്റെ ദൈർഘ്യമോ ഒരാളുടെ പഠനമോ സേവനമോ ഉദാസീനമാകുന്നില്ല. സങ്കീർത്തനക്കാരനോടൊപ്പം ഓരോ സുവിശേഷകനും, "ആയിരം ആയിരം പൊൻ വെള്ളി നാണ്യത്തേക്കാൾ നിന്റെ വായിൽ നിന്നുള്ള ന്യായപ്രമാണം എനിക്കുത്തമം" എന്നു പറയണം (സങ്കീർത്തനങ്ങൾ 119:72).

#### ഉദ്ദേശം

"വിശ്വാസവചനത്താൽ പോഷണം ലഭിച്ച്" പത്ഥ്യോപദേശം സൂക്ഷിക്കേണ്ടതിനു യുവാക്കളെ സഹായിക്കുകയായിരുന്നു പൗലൊസ് തിമൊഥെയൊസിനു എഴുതിയ ഒന്നാം ലേഖനത്തിന്റെ ഉദ്ദേശം (4:6; കൂടാതെ നോക്കുക യൂദാ 3). "അന്യഥാ ഉപദേശിക്കരുതെന്നും, വിശ്വാസം എന്ന ദൈവവ്യവസ്ഥക്കല്ല തർക്കങ്ങൾക്കു മാത്രം ഉതകുന്ന കെട്ടുകഥകളെയും അന്തമില്ലാത്ത വംശാവലികളെയും ശ്രദ്ധിക്കരുതെന്നും" ചിലരോടു ആജ്ഞാപിക്കുവാൻ പൗലൊസ് തിമൊഥെയൊസിനോടു നിർദ്ദേശിച്ചു (1:3, 4). "ഭക്തിവിരുദ്ധമായ കിഴവിക്കഥകളെ ഒഴിഞ്ഞു നില്ക്കുവാനും" അവനോടു പറഞ്ഞു (4:7) ആരെങ്കിലും "പത്ഥ്യവചനത്തെ സ്വീകരിക്കാതിരുന്നാൽ" അവനെ ഖണ്ഡിക്കയും വേണമായിരുന്നു (6:3).

ഒരാളുടെ സംസാരത്തെ മാത്രമല്ല, പ്രവൃത്തിയെയും ബന്ധപ്പെടുത്തിയാണ് ഈ ലേഖനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അത് എഴുതിയിരിക്കുന്നതു ഒരു സുവിശേഷകൻ "സത്യത്തിന്റെ തൂണും അടിസ്ഥാനവുമായി, ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവാലയത്തിൽ നടക്കേണ്ടതു എങ്ങനെ എന്നു അറിയേണ്ടതിനാണ്" (3:14, 15).

വിശ്വാസത്തിൽ നിന്നും അകന്നു പോകുന്നവർക്കുള്ള ഒരു പാകത യുള്ള മുന്നറിയിപ്പും ഇതിൽ പൗലൊസ് ഉൾപ്പെടുത്തിയിട്ടുണ്ട്. ചിലർ തങ്ങളുടെ "നല്ല മനസാക്ഷി തള്ളിക്കളഞ്ഞു വിശ്വാസക്കപ്പൽ തകർന്നു പോയി" എന്നു പറഞ്ഞിട്ടുണ്ട് (1:18–20). പ്രത്യേകിച്ചു, ചില സ്ത്രീകൾ തങ്ങളുടെ ആദ്യ വിശ്വാസം തള്ളിക്കളയുകയുണ്ടായി (5:12). ചിലർ – ഭക്തി വിരുദ്ധമായ വൃഥാലാപങ്ങളെയും തർക്കസൂത്രങ്ങളെയും തെറ്റായ എതിരുപദേശങ്ങളെയും, ജ്ഞാനം ആയി എടുത്ത് – "വിശ്വാസത്തിൽ നിന്നു തെറ്റിപോയിരിക്കുന്നു" (6:20, 21). ഭാവിയിൽ ചിലർ വീണു പോകു മെന്നും, പൗലൊസ് പറഞ്ഞു (4:1–3).

അതുകൊണ്ടു, തിമൊഥെയൊസ് അടക്കമുള്ള, എല്ലാ സുവിശേഷ കന്മാരോടും അപേക്ഷിക്കുന്നതു, "നിന്റെ പക്കൽ ഏല്പിച്ചിരിക്കുന്ന ഉപ നിധി കാത്തുകൊൾക" (6:20), "വിശ്വാസത്തിൽ നിജപുത്ര" നായി (1:2). ഇതു സുവിശേഷകന്മാർക്ക് വാസ്തവത്തിൽ സമ്പന്നവും, പ്രായോഗി കവും, ശക്തവുമായ ഒരു ലേഖനം തന്നെയാണ്.[2]

### ഗുണഭോക്താവു

പൗലൊസ് എഴുതിയ യുവാവായിരുന്ന ആ സുവിശേഷകനെ കുറിച്ചു നമുക്ക് എന്തറിയാം? "വിശ്വാസത്തിൽ നിജപുത്രൻ" (1:2) എന്നാണ് പൗലൊസ് തിമൊഥെയൊസിനെ വിവരിച്ചത് കൂടാതെ "പ്രിയ മകനായ തിമൊഥെയൊസ്" എന്നും പറയുന്നുണ്ട് (2 തിമൊഥെയൊസ് 1:2). പൗലൊസിന്റെ പ്രിയ സഹപ്രവർത്തകരിൽ ഒരാളെയാണ്, പൗലൊസ് വിശ്വാസവുമായി – ബന്ധപ്പെടുത്തി വൈകാരിക പ്രയോഗത്താൽ സംബോധന ചെയ്തതു. "ഏറ്റവും ശ്രദ്ധേയമായ ഒരു വ്യക്തിയായിരുന്നു തിമൊഥെയൊസ് ... അവന്റെ സ്വഭാവം *സൗഹൃദ*വും *വിശ്വസ്തത*യും കലർന്നതായിരുന്നു ... പൗലൊസ് തിമൊഥെയൊസിനെ സ്നേഹിക്കു കയും അവന്റെ പ്രമുഖമായ വ്യക്തിത്വ ഗുണങ്ങളെ പ്രകീർത്തിക്കുകയും ചെയ്യുന്നുണ്ട്."[3]

### തീയതിയും സ്ഥലവും

എപ്പോൾ എവിടെ വെച്ചു ഇതെഴുതി എന്ന ചോദ്യത്തിന്റെ ഉത്തര ത്തിന്, പൗലൊസ് ആ ലേഖനം എഴുതിയതുമുതൽ മരിക്കുന്നതുവരെ യുള്ള അവന്റെ ശേഷിച്ച ജീവിതവും യാത്രകളും അന്വേഷിക്കുന്നതാ യിരിക്കും ഏറ്റവും ഉചിതം. പൗലൊസ് തിമൊഥെയൊസിനു എഴുതിയ രണ്ടു ലേഖനങ്ങളിലും തിത്തൊസിനു എഴുതിയ ലേഖനത്തിലും പറ യുന്ന വിവരണങ്ങൾ പൗലൊസിന്റെ ജീവിതത്തെ ലൂക്കൊസ് പ്രവൃ ത്തികളിൽ പറയുമ്പോൾ രേഖപ്പെടുത്തിയിട്ടില്ല. തിമൊഥെയൊസിനും തിത്തൊസിനും എഴുതിയ ലേഖനങ്ങളിൽ സൂചിപ്പിച്ച സംഭവങ്ങളുമായി പ്രവൃത്തികളിലെ പൗലൊസിന്റെ യാത്രാ രീതിയെ കുറിച്ച് മെറിൽ സി. ടെന്നി[4] നല്ല താരതമ്യപ്പെടുത്തൽ നടത്തുന്നു. പൗലൊസ് മക്കെദോന്യക്കു പോകുമ്പോൾ പ്രവൃത്തികളിൽ പറയുന്നതനുസരിച്ചു, തിമൊഥെയൊ സിനെ എഫെസൊസിനു അടുത്തേക്കു അയക്കുവാൻ സാധിച്ചില്ല (1:3; നോക്കുക പ്രവൃത്തികൾ 20:4–6). ഫിലേമോൻ 24-ൽ ദേമാസിനെ

ഒരു സഹപ്രവർത്തകനായി പറയുന്നുണ്ട്, എന്നാൽ അവൻ പൗലൊസിനെ വിട്ടുപോയി എന്നു 2 തിമൊഥെയൊസ് 4:10-ൽ പറയുന്നു. പൗലൊസ് ക്രേത്തയിൽ പോയില്ല എന്ന് പ്രവൃത്തികളുടെ പുസ്തകത്തിൽ ലൂക്കൊസ് രേഖപ്പെടുത്തിയിരിക്കുന്നത്, തിത്തൊസ് 1:5 ലെ യാത്രാ രീതിയായിരുന്നു. ടെന്നി ഇതിനു പുറമെ താല്പര്യം ജനിപ്പിക്കുന്ന താരതമ്യം നടത്തുന്നുണ്ട്. ഇതിനെ സംബന്ധിച്ചു തെയഡോർ സാൻ ചോദിക്കുന്നത് ഇതാണ്: "പൗലൊസ് റോമിലെ തടവിൽ തുടർന്നുള്ള ജീവിതം കഴിച്ചുവെങ്കിൽ അവനു തന്റെ ഓട്ടം തികച്ചു എന്നു എങ്ങനെ പറയുവാൻ കഴിഞ്ഞു?" (പ്രവൃത്തികൾ 28 ലേ പോലെ), കാരണം അവൻ അപ്പോൾ സ്പെയിനിലേക്കു പോകുവാൻ വാഞ്ഛിച്ചിരുന്നു (നോക്കുക റോമർ 15:24-28; 2 തിമൊഥെയൊസ് 4:7, 8)?[5]

നാം വലിയ ഒരു സംഭവം എടുക്കുകയാണെങ്കിൽ എല്ലാ ശകലങ്ങളും വന്നു വീഴുന്നതു ഒരു സ്ഥലത്തായിരിക്കും: അതു പ്രവൃത്തികളിലെ ലൂക്കൊസിന്റെ വിവരണശേഷം പൗലൊസ് തടവിൽ നിന്നു മോചിതനായി. പിന്നെ, വീണ്ടും റോമിൽ അവൻ തടവിലാക്കപ്പെടുന്നതിനു മുൻപു അവന് തന്റെ ഓട്ടം തികയ്ക്കാമായിരുന്നു, അവിടെവച്ചാണ്, തീർച്ചയായും, അവൻ തന്റെ ഭൂമിയിലെ യാത്ര അവസാനിപ്പിച്ചത്.

പൗലൊസിന്റെ യാത്രാ രീതികൾ കണ്ടെത്തുവാൻ ശ്രമിക്കുന്ന ഒരവലോകനം ആണ് താഴെ കൊടുത്തിരിക്കുന്നത്, അത് ആദ്യത്തെ അവന്റെ റോമാ തടവിൽ ആരംഭിച്ച് അവന്റെ മരണത്തോട് അടുത്ത സമയം വരെ തുടരുന്നു. ദൈവശ്വാസിയ രേഖയിൽ എല്ലാം ഉൾപ്പെടുത്തുന്നില്ല. അതുകൊണ്ടു, ദൈവശ്വാസിയമായ ഭാഗങ്ങളെ കൂട്ടിച്ചേർത്തുള്ള വിവരണങ്ങളാണിത്, എന്നാൽ ഈ "പൂരിപ്പിക്കൽ" മാനുഷ ശ്രമമായതുകൊണ്ട് ഇതിൽ തെറ്റുകൾ സംഭവിച്ചേക്കാമെന്നു പൂർണ്ണമായി സമ്മതിക്കുന്നു.

പൗലൊസ് തടവിൽ നിന്നു മോചിതനായി എന്നു പറയുന്നതു ഏതെങ്കിലും തിരുവെഴുത്തിനു എതിരല്ല. പ്രവൃത്തികളുടെ പുസ്തകത്തിൽ പൗലൊസിന്റെ ജീവിതാവസാനം വരെയുള്ള വിവരണങ്ങൾ ഉണ്ടെന്നു ലൂക്കൊസ് അവകാശപ്പെടുന്നില്ല (പ്രവൃത്തികൾ 28:30, 31). തന്റെ മോചനത്തിനായി കാത്തിരിക്കുന്ന സൂചന പൗലൊസ് നല്കുന്നുണ്ട് (നോക്കുക ഫിലിപ്പിയർ 2:24). തനിക്കു വരുമ്പോൾ താമസിക്കുവാൻ ഒരു സ്ഥലം ഏർപ്പാടാക്കുവാൻ പോലും അവൻ ഫിലേമോനോടു പറഞ്ഞിരുന്നു (ഫിലേമോൻ 22). *മോചിതനായപ്പോൾ പൗലൊസ് എവിടേക്കാണ് പോയത്?* താഴെ കൊടുത്തിരിക്കുന്ന ലിസ്റ്റിൽ ആ സംഭവങ്ങളുടെ ഖണ്ഡങ്ങൾ കൂട്ടിച്ചേർക്കുവാൻ ശ്രമിച്ചിരിക്കുന്നു.

1. തനിക്കു സംഭവിപ്പാനിരിക്കുന്നതു അറിഞ്ഞയുടനെ, പൗലൊസ് തിമൊഥെയൊസിനെ ഫിലിപ്പിയയിലേക്കു അയച്ചു (ഫിലിപ്പിയർ 2:19-23).
2. പൗലൊസ് മോചിതനാകുകയും താൻ തീരുമാനിച്ച ആസ്യയിലേക്കും മക്കെദൊന്യയിലേക്കും യാത്ര തുടങ്ങി. പൗലൊസ് റോമിൽ നിന്നു യാത്ര തുടർന്ന്, തിത്തൊസിനെ വിട്ടേച്ചുപോയ, ക്രേത്തയിൽ അവൻ എത്തിച്ചേർന്നു (തിത്തൊസ് 1:5).

3. തന്റെ യാത്ര തുടർന്നു, അവൻ ആസ്യയിൽ ചെന്നു ഒനേസിമോസിനെ ഫിലേമോന്റെ അടുക്കൽ എത്തിക്കണമായിരുന്നു (ഫിലേമോൻ 10–22). അതു കൊലൊസ്യയിൽ വെച്ചായിരുന്നു (കൊലൊസ്യർ 4:9). കൊലൊസ്യയിലേക്കുള്ള യാത്രാ മദ്ധ്യേ പൗലൊസിനു മിലേത്തോസിൽ (എഫെസൊസിനു അടുത്ത്) കൂടെ കടന്നു പോകുവാൻ കഴിഞ്ഞിരുന്നു.
4. പൗലൊസ് മിലേത്തോസിലേക്കു മടങ്ങി, അവിടെ അവൻ തിമൊഥെയൊസിനെ കണ്ടുമുട്ടി (പൗലൊസിന്റെ ആവശ്യപ്രകാരം അവൻ ഫിലിപ്പിയയിലേക്കു പോയിരുന്നു), പിന്നെ പൗലൊസ് എഫെസൊസിലേക്കു പോയി (ഒരുപക്ഷെ പോകുന്ന വഴി ത്രോവാസിൽ ഇറങ്ങുവാനായിരുന്നേക്കാം). പ്രവൃത്തികൾ 20:25 പ്രകാരം ആയിരിക്കാം പൗലൊസ് (എഫെസൊസിൽ വെച്ചു കാണുന്നതിനു പകരം) തിമൊഥെയൊസിനെ മിലേത്തൊസിൽ വെച്ചു കാണുവാൻ തീരുമാനിച്ചത്. എഫെസൊസിൽ നിന്ന് പൗലൊസ് മൂപ്പന്മാരോടു മുൻപു പറഞ്ഞു (മിലേത്തൊസിൽ വെച്ചു കണ്ടു), "നിങ്ങൾ ആരും, ... എന്റെ മുഖം ഇനി കാണുകയില്ല." പൗലൊസ് പിന്നെ എഫെസൊസിൽ പോയില്ല എന്നല്ല പിന്നെയോ പോയെങ്കിലും മൂപ്പന്മാരെ കാണുവാൻ സാഹചര്യം അനുവദിച്ചില്ല എന്നതാണ് അങ്ങനെ മൂപ്പന്മാരെ *ആരെയും* കണ്ടതുമില്ല. പൗലൊസിനു തിമൊഥെയൊസിൽ നിന്നു ഒരു സന്ദേശം ലഭിക്കുകയും (ഫിലിപ്പിയർ 2:19–24) അവൻ ഫിലിപ്പിയയിൽ ചെന്നു, തിമൊഥെയൊസിനെ എഫെസൊസിൽ അയയ്ക്കുകയും അവനോട് അവിടെ കാത്തിരിക്കുവാൻ അപേക്ഷിക്കുകയും ചെയ്തു. തിത്തൊസ് 1:5-ൽ നിന്നു വ്യത്യസ്തമായി, 1 തിമൊഥെയൊസ് 1:3 എഫെസൊസിലെ വേല പൂർത്തിയാക്കുവാൻ പൗലൊസ് തിമൊഥെയൊസിനെ അവിടെ *വിട്ടേച്ചു* പോയി എന്നു പറയുന്നില്ല.
5. മക്കദൊന്യയിൽ വെച്ചു, പൗലൊസ് 1 തിമൊഥെയൊസ് എഴുതുമ്പോൾ, എഫെസ്യ മേഖലകളിൽ വീണ്ടും ഉടനെ പോകണം എന്നു കരുതി, പക്ഷെ അതു താമസിക്കും എന്നു അവനു അറിയാമായിരുന്നു (3:14, 15; 4:13).
6. പിന്നീട്, മക്കദൊന്യയിൽ നിന്നു പൗലൊസ് തിത്തൊസിനു എഴുതുകയും (ഫിലിപ്പിയയിൽ നിന്നാകാം) തന്റെ യാത്രാ പരിപാടികൾ മാറ്റുകയും ചെയ്തു. നിക്കൊപ്പൊലിയിൽ വെച്ചു തിത്തൊസു പൗലൊസിനോടുകൂടെ ചേരുവാൻ അവൻ ആഗ്രഹിച്ചു (എപ്പീരസിൽ വച്ച്, അതു ഇയോനിയൻ കടലിന്റെ കിഴക്കേ തീരത്തു സ്ഥിതി ചെയ്യുന്നു), അവിടെയാണ് പൗലൊസ് ശൈത്യകാലം കഴിപ്പാൻ ആഗ്രഹിച്ചതു. അവൻ അർത്തെമാസിനെ അല്ലെങ്കിൽ തിഹിക്കൊസിനെ ക്രേത്തയിലെ വേലക്കായി അയക്കാമെന്നും വാഗ്ദാനം ചെയ്തിരുന്നു (ചുരുങ്ങിയതു ആശിച്ചിരുന്നു) (എഫെസ്യർ 6:21, 22; കൊലൊസ്യർ 4:7, 8; തിത്തൊസ് 3:12).
7. താൻ പോകുവാൻ ആഗ്രഹിച്ചതുപോലെ, സ്പെയിനിലേക്കു

പൗലൊസ് തന്റെ യാത്ര തുടർന്നു എന്നാണ് പരിഗണിക്കാവുന്ന ബാഹ്യ തെളിവുകൾ സൂചിപ്പിക്കുന്നത് (നോക്കുക റോമർ 15:24, 28.)[6]

8. ലഭ്യമായ തെളിവുകൾ അനുസരിച്ചു, പൗലൊസ് ആസ്യയിലേക്കുള്ള മടക്ക യാത്രയിൽ സ്പെയിനിലും പോയശേഷം, കൊരിന്തിൽ ഇറങ്ങി എരസ്തൊസിനെ അവിടെ വിട്ടേച്ചു പോയി. പിന്നെ, അവൻ ത്രോവാസിലേക്കു പോകുകയും (2 തിമൊഥെയൊസ് 4:13, 20), തന്റെ പുതപ്പും ചർമ്മലിഖിതങ്ങളും കർപ്പൊസിനെ ഏല്പിക്കയും ചെയ്തു. അവിടെ നിന്നു, അവൻ മിലേത്തൊസിലേക്കു പോയിരിക്കാനാണ് സാധ്യത, അവിടെ ത്രോഫിമോസിനെ രോഗിയായി വിട്ടേച്ചു പോയി (2 തിമൊഥെയൊസ് 4:20).
9. മിലേത്തൊസിൽ നിന്നു റോമിലേക്കുള്ള യാത്രയിൽ എവിടെയോ വെച്ചു, പൗലൊസിനെ പിടിച്ചു ചുരുങ്ങിയ കാലത്തേക്കു തടവിലാക്കിയിരിക്കും (2 തിമൊഥെയൊസ് 1:16, 17; 2:9; 4:14–18). തന്റെ നിര്യാണകാലം അടുത്തു എന്നു അവൻ അറിഞ്ഞിരുന്നു (2 തിമൊഥെയൊസ് 4:6–8). തനിയെയായതുകൊണ്ട്, ശൈത്യകാലത്തിനു മുൻപു തിമൊഥെയൊസ് അവന്റെ അടുക്കൽ എത്തുമെന്നു അവൻ ആശിച്ചിരുന്നു (2 തിമൊഥെയൊസ് 4:9–11, 21). ശാരീരികമായ സാഹചര്യങ്ങൾ അവനെ ബുദ്ധിമുട്ടിപ്പിക്കുന്നതായി അവൻ മനസ്സിലാക്കിയിരുന്നെങ്കിലും, അവന്റെ ഉള്ളിലെ ആത്മാവു വിശ്വാസത്തിൽ തന്നെയായിരുന്നു (2 തിമൊഥെയൊസ് 4:18; നോക്കുക 2 കൊരിന്ത്യർ 4:16–5:1; ഫിലിപ്പിയർ 1:21, 23).

1 തിമൊഥെയൊസ് എഴുതിയതു (മുകളിൽ പറഞ്ഞ വിവരങ്ങൾ കാരണം) പൊതുവെ എ.ഡി. 63-ൽ അല്ലെങ്കിൽ 64-ൽ ആണെന്നു കാണാം, തിത്തൊസിനുള്ള ലേഖനം അതിന്റെ ശേഷം താമസിക്കാതെ എഴുതിയിരിക്കണം. രണ്ടു ലേഖനങ്ങളും മക്കദൊന്യയിൽ എവിടെ നിന്നെങ്കിലും ആയിരിക്കണം എഴുതിയത്.

### ചിന്താ വിഷയം

ദൈവ വചനത്തെ വിവിധ സൂചനകളാൽ പല പേരുകളിൽ ഉൾപ്പെടുത്തിയതാണ് ആറു അദ്ധ്യായങ്ങൾ അടങ്ങുന്ന 1 തിമൊഥെയൊസ് ("ദൈവ വചനം"; "സത്യം"; "തിരുവെഴുത്ത്"). കൂടാതെ തിമൊഥെയൊസ് അനുസരിക്കേണ്ട പ്രത്യേക ചുമതലകൾ, പ്രബോധനങ്ങൾ, കല്പനകൾ എന്നിവയും അതിൽ ഉൾപ്പെടുന്നു. തിമൊഥെയൊസ് പാലിക്കേണ്ട സേവനത്തിൽ ശക്തമായ ഊന്നൽ നല്കുന്നതും അവന്റെ സഹായത്തിനായി തിരുവെഴുത്തുകൾ ഉപയോഗിക്കുന്നതും സംയോജിപ്പിച്ച് ഈ പഠനത്തിന്റെ ചിന്താവിഷയത്തെ വിവരിക്കുന്നു: അത് സർവ്വത്തിനും – മതിയായ ദൈവവചനമനുസരിച്ചുള്ള സുവിശേഷകന്റെ ജീവിതത്തെയാണ്.

ഈ വചനം നിത്യമായ ഒരു ഉടമ്പടിയും (എബ്രായർ 13:20, 21) എല്ലാവരും രക്ഷിക്കപ്പെടണം എന്നാഗ്രഹിക്കുന്ന ദൈവത്തിൽ നിന്നും ആകയാൽ (2:3, 4), ആ വചനം പ്രസംഗിക്കുന്ന പ്രാസംഗികരിൽ കൂടെ ഈ ലക്ഷ്യം നേടുകയെന്നതാണ് ദൈവിക പദ്ധതി (4:13–16; 1 കൊരിന്ത്യർ

1:21), ചിന്തിക്കുന്ന ഏതൊരാൾക്കും ഓരോ സുവിശേഷകനും ഉള്ള സന്ദേശമാണ് 1 തിമൊഥെയൊസിലെ സന്ദേശം. സന്ദേശം സമയത്തും അസമയത്തും "ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന" ദൈവാലയത്തിലുള്ള, വിശ്വസ്തരായി ജീവിക്കുന്ന എല്ലാവർക്കുമുള്ളതാണ് (3:14, 15). യജമാനനുവേണ്ടി ക്രിസ്ത്യാനികൾ എങ്ങനെ ജീവിക്കണം എന്ന സന്ദേശമാണ് ഈ ലേഖനം (4:6–16).

ഏതു പഠനത്തിലും, സർവ്വനാമങ്ങളുടെ അർത്ഥം മനസ്സിലാക്കേണ്ടതു വളരെ പ്രാധാന്യമുള്ള കാര്യമാണ് – അതായത് ആളുകളുടെ പേരുകൾ, സ്ഥലങ്ങൾ, വസ്തുക്കൾ – ഇവയെല്ലാം എഴുത്തുകാരൻ ഉപയോഗിച്ചിരിക്കുന്നതാണ്. ഈ ചട്ടക്കൂട്ടിലാണ് ഈ സംഭവങ്ങൾ വിവരിക്കുന്നത്, അല്ലെങ്കിൽ, നിർദ്ദേശങ്ങൾ രൂപപ്പെടുത്തുന്നത്. മറ്റേതൊരു മേഖലയിലുമെന്ന പോലെ ഇതു ബൈബിൾ പഠനത്തിലും പ്രാധാന്യമുള്ളതാണ്. 1 തിമൊഥെയൊസ് എന്ന ലേഖനം നാം പഠിക്കുന്നതിനു മുൻപു, ലേഖനത്തിൽ പറഞ്ഞിരിക്കുന്ന ആളുകളെയും, സ്ഥലങ്ങളെയും, പലപ്പോഴും  സൂചിപ്പിച്ചിരിക്കുന്ന ആശയങ്ങളെയും നമുക്കു നോക്കാം.

## 1 തിമൊഥെയൊസിലെ ആളുകൾ

### തിമൊഥെയൊസ്

*"വിശ്വാസത്തിൽ നിജ പുത്രനായ, തിമൊഥെയൊസിനു എഴുതുന്നതു: പിതാവായ ദൈവത്തിൽ നിന്നും നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിന്നും നിനക്കു കൃപയും, കനിവും സമാധാനവും ഉണ്ടാകട്ടെ" (1:2).*

തിമൊഥെയൊസ് ഒരു വിദ്യാർത്ഥിയും, സ്നേഹിതനും, പൗലൊസിന്റെ സഹപ്രവർത്തകനുമായി പതിനഞ്ചോ അതിൽ കൂടുതലോ വർഷങ്ങൾ പ്രവർത്തിച്ച് ബഹുമാന്യനായി തീർന്നു. രണ്ടു ലേഖനങ്ങളിലും, പൗലൊസ് തിമൊഥെയൊസിനെ പറ്റി പറയുന്നതു "വിശ്വാസത്തിലുള്ള വാസ്തവമായ പുത്രൻ" (1:2), "എന്റെ മകൻ" (1:18; 2 തിമൊഥെയൊസ് 2:1), കൂടാതെ "എന്റെ പ്രിയ മകൻ" (2 തിമൊഥെയൊസ് 1:2) എന്നാണ്. അവന്റെ പേർ പ്രവൃത്തികളുടെ[7] പുസ്തകത്തിൽ ആറു പ്രാവശ്യം കാണുന്നുണ്ട്. പൗലൊസും ശിലാസും രണ്ടാമത്തെ മിഷ്ണറി യാത്രയിൽ അവിടെ എത്തിയപ്പോൾ അവനെ ലുസ്ത്രയിൽ ആയിരുന്ന "ഒരു ശിഷ്യൻ" എന്നാണ് ആദ്യം സൂചിപ്പിച്ചിരുന്നത് (പ്രവൃത്തികൾ 16:1). ആ സമയം മുതൽ തിമൊഥെയൊസ് പൗലൊസിനോടും ശിലാസിനോടും കൂടെ യാത്ര ചെയ്യുവാൻ തുടങ്ങി.

തിമൊഥെയൊസ് ഒരു യെഹൂദനും, യെഹൂദ സ്ത്രീയിൽ ജനിച്ചവനും ആയിരുന്നു, കൂടാതെ അവന്റെ അപ്പൻ ജാതിയിൽപെട്ടവനായിരുന്നു എന്നു പരക്കെ അറിയപ്പെടുന്നു. അതുകൊണ്ടു, അബ്രഹാമിനോടു ചെയ്ത ഉടമ്പടി പ്രകാരം അവൻ പരിച്ഛേദന ഏല്ക്കാതിരുന്നാൽ അവനു യെഹൂദന്മാർക്കിടയിൽ സ്വതന്ത്രമായി പ്രവർത്തിക്കുവാൻ അനുവാദം ലഭിക്കുമായിരുന്നില്ല (ഉല്പത്തി 17). പൗലൊസ് ആ യുവാവായ യെഹൂദ ക്രിസ്ത്യാനിയെ പരിച്ഛേദന കഴിപ്പിച്ചതു – മതപരമായ കാരണം

കൊണ്ടല്ല, പിന്നെയോ വർഗ്ഗീയ കാരണങ്ങളാലാണ്.[8]

തെസലൊനിക്യ, ബെരോവ എന്നീ പ്രദേശങ്ങളിൽ നിന്നു പൗലൊസ് വിട്ടു പോയപ്പോൾ തിമൊഥെയോസ് ശീലാസിനോടുകൂടെ നില്ക്കുകയും, അധികം വൈകാതെ പൗലൊസിനെ അഥേനയിൽ വെച്ചു കാണാമെന്നു ഏർപ്പാട് ചെയ്യുകയും ചെയ്തു (പ്രവൃത്തികൾ 17:14, 15). നിശ്ചയിച്ചതുപോലെ അവർക്കു അഥേനയിൽ ചെല്ലുവാൻ കഴിയാതെ വന്നപ്പോൾ, പൗലൊസ് ദുഃഖിച്ചു, എന്നാൽ കൊരിന്തിലേക്കു പോയി, അവിടെ ആ രണ്ടുപേരും എത്തി മക്കെദോന്യ സഭകളുടെ സ്ഥിതി പൗലൊസിനെ ധരിപ്പിച്ചു അവന്റെ മനസ്സിനെ തണുപ്പിച്ചു (പ്രവൃത്തികൾ 18:5). പിന്നീട്, തിമൊഥെയൊസിനെ എരസ്തൊസിനോടൊപ്പം എഫെസ്യയിൽ നിന്നു മക്കെദോന്യയിലേക്കു അയച്ചു (പ്രവൃത്തികൾ 19:22). അതിനുശേഷം, അവൻ പൗലൊസിനോടുകൂടെ ഗ്രീസിൽ ആയിരുന്നു.

പൗലൊസ് പാലസ്തീനിലേക്കു കടൽ മാർഗ്ഗം പുറപ്പെട്ടു പോകുവാൻ ഭാവിച്ചപ്പോൾ തനിക്കെതിരായ ഒരു ഗൂഢ നീക്കം കണ്ടുപിടിച്ചതു വളരെ പ്രാധാന്യമുള്ള കാര്യമാണ്. അതുകൊണ്ടു, തിമൊഥെയോസിനെ മുൻകൂട്ടി, മറ്റുള്ളവരുമായി അയേഗ്യൻ കടൽവഴി, ത്രോവാസിലേക്ക് അയച്ചു. അവിടെ വെച്ചു, സംഘം പൗലൊസിനോടു ചേർന്നു (പ്രവൃത്തികൾ 20:4–6).

പൗലൊസ് ഫിലിപ്പിയർക്കു ലേഖനം എഴുതുമ്പോൾ തിമൊഥെയൊസിനെ കുറിച്ചു ഉയർന്ന പ്രശംസയോടെയാണ് പറഞ്ഞത്: അവൻ എഴുതി, "നിങ്ങളെ സംബന്ധിച്ചു പരമാർത്ഥമായി കരുതുവാൻ എനിക്കു തുല്യചിത്തനായി മറ്റാരുമില്ല" (ഫിലിപ്പിയർ 2:20).

പൗലൊസിന്റെ ജീവിതത്തിലെ – ദിവസങ്ങൾ അല്ലെങ്കിൽ – അവസാന ആഴ്ച്ചകളിൽ, തിമൊഥെയൊസ് റോമിൽ വന്നു കാണുവാൻ ആയിരുന്നു അവൻ ഏറ്റവും അധികം ആഗ്രഹിച്ചത്. അവൻ പൗലൊസിന്റെ ചില വസ്തുക്കൾ കൊണ്ടു വരികയും ഭാവിയിലേക്കുള്ള ചില നിർദ്ദേശങ്ങൾ സ്വീകരിക്കയും വേണമായിരുന്നു (2 തിമൊഥെയൊസ് 4:13).

**ഹുമനയൊസും അലെക്സന്തരും**

*"ഹുമനയൊസും അലെക്സന്തരും ഈ കൂട്ടത്തിൽ ഉള്ളവർ ആകുന്നു, അവർ ദൂഷണം പറയാതിരിപ്പാൻ പഠിക്കേണ്ടതിനു, ഞാൻ അവരെ സാത്താനെ ഏല്പിച്ചിരിക്കുന്നു" (1:20).*

അവർ എഫെസൊസിലെ ദുരുപദേഷ്ടാക്കന്മാർ ആയിരുന്നു. പൗലൊസ് അവരെ സാത്താനു ഏല്പിച്ചു കൊടുത്തു. അവരിൽ നിന്നും കൂട്ടായ്മ അകറ്റിയത് "അവർ ദൂഷണം പറയാതിരിക്കേണ്ടതിനായിരുന്നു." ഉയിർത്തെഴുന്നേല്പ് കഴിഞ്ഞു പോയതുപോലെ ഉപദേശിച്ചിരുന്ന ഫിലോതൊസുമായുള്ള ബന്ധത്തിൽ, 2 തിമൊഥെയൊസ് 2:17, 18 ലും ഹുമനയൊസിനെ കുറിച്ചു പറയുന്നുണ്ട്.

**ആദാമും ഹവ്വയും**

*"ആദാം ആദ്യം നിർമ്മിക്കപ്പെട്ടു, പിന്നെ ഹവ്വ" (2:13).*

ഹവ്വക്കു മുൻപു ആദാമിനെ സൃഷ്ടിച്ചു. അതുകൊണ്ടു, നേതൃത്വ

ത്തിൽ ആദാമിനു മുൻഗണനയും, ഹവ്വ അവന്നു കീഴ്പ്പെട്ടിരിക്കയും വേണം. പുരുഷന്റെ നേതൃത്വത്തിൻ കീഴിലും സംരക്ഷണയിലുമാണ് സാധാരണയായി സ്ത്രീ വരുന്നത്.

**പൊന്തിയൊസ് പീലാത്തൊസ്**

*"സകലത്തെയും ജീവിപ്പിക്കുന്ന ദൈവത്തെയും, പൊന്തിയൊസ് പീലാത്തൊസിന്റെ മുമ്പിൽ, നല്ല സ്വീകാരം കഴിച്ച ക്രിസ്തുയേശുവിനെയും സാക്ഷിവെച്ചു, ഞാൻ നിന്നോടു ആജ്ഞാപിക്കുന്നു" (6:13).*

തിബര്യാസ് പാലസ്തീൻ വാണുകൊണ്ടിരുന്നപ്പോൾ അവൻ അവിടത്തെ നാടുവാഴിയായിരുന്നു. യേശു തന്റെ ദൈവത്വവും രാജത്വവും ഏറ്റു പറയുന്നതു അവൻ കേട്ടു (യോഹന്നാൻ 18:35–37), അതേസമയം ഗവൺമെന്റിനോടുള്ള വിരോധം അവൻ നിഷേധിക്കുകയും ചെയ്തു. യേശുവിന്റെ ഈ ഏറ്റുപറച്ചിൽ "നല്ല സ്വീകാരം," ആയിട്ടാണ് പൗലൊസ് പറയുന്നത്, അതു യേശുവിന്റെ അനുയായികളെ പ്രശംസിക്കുന്നതായിരുന്നു.

## 1 തിമൊഥെയൊസിലെ സ്ഥലങ്ങൾ

*"അന്യഥാ ഉപദേശിക്കരുതെന്നും വിശ്വാസം എന്ന ദൈവവ്യവസ്ഥെക്കല്ല തർക്കങ്ങൾക്കു മാത്രം ഉതകുന്ന കെട്ടുകഥകളെയും അന്തമില്ലാത്ത വംശാവലികളെയും ശ്രദ്ധിക്കരുതെന്നും, ചിലരോടു ആജ്ഞാപിക്കേണ്ടതിനു നീ എഫെസൊസിൽ താമസിക്കേണം, എന്നു ഞാൻ മക്കെദൊന്യെക്കു പോകുമ്പോൾ അപേക്ഷിച്ചതുപോലെ ഇപ്പോഴും ചെയ്യുന്നു" (1:3).*

**എഫെസൊസ്**

പൗലൊസിൽ നിന്നു തിമൊഥെയൊസിനു രണ്ടു ലേഖനങ്ങൾ ലഭിച്ച പട്ടണമാണ് എഫെസൊസ്. *ഈ പട്ടണത്തിനു വലിയ വ്യാവസായിക പ്രാധാന്യമുണ്ടായിരുന്നു.* അതു വാസ്തവത്തിൽ കടൽ തീരത്തു നിന്നു അധികം ദൂരത്തല്ലായ്കകൊണ്ട്, പുരാതനലോകത്തിലെ ഒരു പ്രമുഖ തുറമുഖമായി പ്രവർത്തിച്ചിരുന്നു. അതു സ്ഥിതി ചെയ്തിരുന്നതു കേയിസ്റ്റർ നദി ഒഴുകി അയേഗ്യൻ കടലിലേക്കു വീഴുന്ന സ്ഥലത്തായിരുന്നു. കടൽ – യാത്ര ചെയ്യുന്ന യാത്രക്കാർ കേയിസ്റ്റർ നദി വഴിയായിരുന്നു ഈ പട്ടണത്തിലേക്കായി വരുന്നത്.

മൂന്നു വലിയ ഹൈവേകൾ എഫെസൊസിൽ കൂട്ടിമുട്ടിയിരുന്നു: (1) യൂഫ്രെത്തൊസ് തടാകത്തിൽ നിന്നു, കൊലൊസ്യ വഴി ലവദൊക്യയിലേക്കുള്ള പാതയും, (2) ഗലാത്യയിൽ നിന്നും സർദ്ദീസിലേക്കുള്ള പാതയും, (3) മിയാന്റർ താഴ്വരയിൽ നിന്നു തെക്കോട്ടുള്ള പാതയുമായിരുന്നു.

*രാഷ്ട്രീയമായും വലിയ പ്രാധാന്യമുള്ള പട്ടണം ആയിരുന്നു എഫെസൊസ്.* അത് ഒരു റോമൻ "സ്വതന്ത്ര പട്ടണം," ആയിരുന്നു അതിനർത്ഥം അവിടെ സൈന്യങ്ങളെ സ്ഥാപിക്കാതിരിക്കയും, ആ പട്ടണം സ്വയം ഭരണാവകാശത്തിൽ നിലനില്ക്കുകയും ചെയ്തു. ആ പട്ടണത്തെ ഉയർന്ന ബഹുമതി നല്കി "ആസ്യയിലെ പരമോന്നത മെത്രോപൊലിസ്" എന്നു

വിളിച്ചിരുന്നു. എഫെസൊസിനു സ്വന്തമായ മജിസ്ട്രേറ്റുമാരുണ്ടായിരുന്നു, അവരെ *സ്ട്രാറ്റെഗോയി* എന്നു വിളിച്ചിരുന്നു, കൂടാതെ *ബൗലേ* എന്നു വിളിക്കുന്ന, തിരഞ്ഞെടുക്കപ്പെട്ട പട്ടണ ആലോചനാസഭയും ഉണ്ടായിരുന്നു. പൗരന്മാരുടെ സഭായോഗത്തെ *എക്ലേസ്യാ* എന്നു വിളിച്ചിരുന്നു – അതാണ്, യാദൃശ്ചികമായി, പുതിയ നിയമത്തിൽ "സഭ" എന്നു തർജ്ജിമ ചെയ്തിരിക്കുന്നത്. അതു തർജ്ജിമ ചെയ്തിരിക്കുന്നതു "സഭായോഗം," എന്നാണെങ്കിലും, പ്രവൃത്തികൾ 19 ലെ അവസാന വാക്യത്തിൽ പറഞ്ഞിരിക്കുന്നത് പട്ടണമേനവൻ പിരിച്ചു വിട്ട ഈ കൂട്ടത്തെയാണ്.

എഫെസൊസിനെ "വിചാരണാ ടൗൺ," എന്നു വിളിച്ചിരുന്നു അതിനർത്ഥം നിയമപരമായി പ്രാധാന്യമർഹിക്കുന്ന കേസുകൾ നാടുവാഴിയുടെ അടുക്കൽ വരുന്നതു വിചാരണ ചെയ്തിരുന്നതു അവിടെയായിരുന്നു. കൂടാതെ, ഓരോ മെയ് മാസത്തിലും പാൻ – അയോനിയൻ ഗേയിമുകളും എഫെസൊസിൽ വെച്ചായിരുന്നു നടത്തിയിരുന്നത്. "ആസിയാർക്ക്സ്" എന്നറിയപ്പെടുന്ന ദേശീയ (സംസ്ഥാന) ഉദ്യോഗസ്ഥന്മാർ ആയിരുന്നു ആ ഗെയിമുകൾ നടത്തിയിരുന്നതും ചെലവുകൾ നടത്തിയിരുന്നതും.

*എഫെസൊസിനു വലിയ മതപരമായ പ്രാധാന്യം ഉണ്ടായിരുന്നതായി മിക്ക ആളുകൾക്കും അറിയാം.* അവിടെ ഒരു ദൈവാലയമുണ്ടായിരുന്നതായി, ആദ്യത്തെ ചരിത്രത്തിൽ നിന്നു വ്യക്തമാകുന്നു. പട്ടണത്തിലെ ആദ്യ ദൈവാലയം ആരാണു പണിതതെന്നു വ്യക്തമല്ല. രണ്ടാമത്തെ വലിയ ക്ഷേത്രം ആസ പട്ടണങ്ങളിൽ പണിതതായും, അതിനു സഹായിച്ചതു, ലുദിയയിലെ ഏറ്റവും സമ്പന്നനായ ഒരു രാജാവായിരുന്ന ക്രൊയേസസ് ആയിരുന്നു. ബി.സി. 356–ൽ മഹാനായി തീർന്ന, അലെക്സാണ്ടർ ചക്രവർത്തി ജനിച്ചപ്പോൾ രണ്ടാമത്തെ ക്ഷേത്രം കത്തിച്ചു കളഞ്ഞിരുന്നു. മൂന്നാമത്തെ ക്ഷേത്രത്തെ നാം ബൈബിളിൽ വായിക്കുന്നുണ്ട്. അതു ഗ്രീക്കു ദേവതയായിരുന്ന അർത്തെമിസിനുവേണ്ടി ഉണ്ടാക്കപ്പെട്ടതാണ്, ആ ദേവതയെ റോമാക്കാർക്കിടയിൽ ഡയാന എന്നാണ് അറിയപ്പെട്ടിരുന്നത്. ഐഹിക ചരിത്രത്തിൽ ആ ക്ഷേത്രം അറിയപ്പെട്ടിരുന്നതു പുരാതന ലോകത്തിലെ ഏഴു അത്ഭുതങ്ങളിൽ ഒന്നായിട്ടായിരുന്നു.

വലിയ കെട്ടിടങ്ങളെ ഇഷ്ടപ്പെടുന്നവർ, ഇന്നും അന്നത്തെ അർത്തമിസ് ദേവിയുടെ ക്ഷേത്രത്തെയും ഇഷ്ടപ്പെടും. 127 തൂണുകളിന്മേൽ പണിതതായിരുന്നു അത്, അവ ഓരോന്നും രാജാവു ദാനമായി നല്കിയതായിരുന്നു. അവയിൽ മുപ്പത്തി – ആറെണ്ണം കൊത്തു പണികളാൽ മോടി പിടിപ്പിച്ചതായിരുന്നു അല്ലെങ്കിൽ അതിന്മേൽ വിലയേറിയ ലോഹങ്ങളും കല്ലുകളും പതിച്ചവയായിരുന്നു. ആ കെട്ടിടത്തിനു 425 അടി നീളവും 220 അടി വീതിയും, 60 അടി ഉയരവും ഉണ്ടായിരുന്നു! അതിന്റെ മേൽക്കൂര കേദാർ തടി കൊണ്ടും, വാതിലുകൾ കുപ്രൊസ് തടികളും കൊണ്ടുള്ളവയായിരുന്നു. ആ മരങ്ങൾ വിലയേറിയതും പെട്ടെന്നു നശിക്കാത്തതുമായിരുന്നു.

ആ മനോഹര കെട്ടിടത്തിനുള്ളിൽ, അന്യദേവതയായ അർത്തെമിസിനെ ആരാധിക്കുന്നവർക്കു വേണ്ട ഒരു ഭാവനാരൂപവുമുണ്ടായിരു

ന്നു. അതു സ്വർഗ്ഗത്തിൽ നിന്നു വീണതാണെന്നു പറയപ്പെടുകയും, കറുത്തതാണെന്നും പറയുന്നു, അതുകൊണ്ട് അതു ഒരുപക്ഷെ ഉൽക്കാശിലയായിരിക്കാം. അതു ബലമായി കൈവശമാക്കിയതും ഭൂഗോളത്തിന്റെ ആകൃതിയിലുള്ളതും ആയിരുന്നു (ഉൽക്കാശിലയിൽ കുമിളകളോ?). അർത്തെമിസ് ഫലപൂയിഷ്ഠ ദേവതയാകയാൽ, ആളുകൾ വിചാരിച്ചതു ആ "കുമിളകൾ" ധാരാളം മുലകൾ ആയിരുന്നു എന്നാണ്. ആ രൂപത്തിന്റെ ഒരു കയ്യിൽ വടിയും മറ്റേ കയ്യിൽ ശൂലവുമുണ്ടായിരുന്നു, അതിന്റെ അടിയിൽ രഹസ്യവും അപരിചിതവുമായ അടയാളങ്ങൾ ഉണ്ടായിരുന്നു.

എഫെസൊസിലെ ജീവിതവുമായി അർത്തെമിസ് ക്ഷേത്രത്തിനു എന്തെങ്കിലും അമിത പ്രാധാന്യമുള്ളതായി പറയുവാൻ ബുദ്ധിമുട്ടുണ്ടാകും. ക്ഷേത്രം ആരാധനാ സ്ഥലവും അഗതി മന്ദിരവും (അതായത്, ക്രൂരമായ കുറ്റവാളികൾ തങ്ങളെ പിടിക്കാതിരിക്കുവാൻ മനസ്സിലാകാത്തവിധത്തിൽ അവിടെ കഴിയുമായിരുന്നു) ആയിരുന്നു. അതിലുപരി, വില കൂടിയ വസ്തുക്കൾ സുരക്ഷിതമായി സൂക്ഷിച്ചിരുന്നു, ഏതാണ്ട് ആധുനിക ബാങ്ക് പോലെ. എല്ലാത്തിലുമുപരി, ദേവന്മാർ ഒരാളുടെ വസ്തു സൂക്ഷിച്ചില്ലെങ്കിൽ, വേറെ ആർക്കു സൂക്ഷിക്കുവാൻ കഴിയും? എഫെസൊസിന്റെ കാര്യത്തിൽ, ക്ഷേത്രം ഒരു വ്യവസായ കേന്ദ്രം കൂടെ ആയിരുന്നു. അവർക്ക് അതിലൂടെ നല്ല ഭാഗ്യം ലഭിക്കും എന്ന വിശ്വാസത്താൽ, ആളുകൾ അർതെമിസ്സ് ദേവിയുടെ രൂപത്തിന് അടിയിൽ കൊത്തിയിരുന്ന "എഫെസ്യർ ലേഖനങ്ങളുടെ" കോപ്പികൾ വാങ്ങിക്കൊണ്ടുപോകുമായിരുന്നു.

ലോകത്തിൽ വെച്ചു ഏറ്റവും കൂടുതൽ അന്ധവിശ്വാസം ഉള്ള പട്ടണമായിരുന്നു എഫെസൊസ്. ഗുപ്ത വിദ്യകൾ അവിടെ വേരൂന്നിയിരുന്നു, അവിടത്തെ പൗരന്മാർക്കിടയിൽ ഗുപ്ത വിദ്യാകലകൾ പരിശീലിച്ചിരുന്നവർ ധാരാളമുണ്ടായിരുന്നു (പ്രവൃത്തികൾ 19:18–20).

*തീർച്ചയായും എഫെസ്യരുടെ സ്വഭാവത്തെ ബാധിക്കുന്നതായിരുന്നു തിമൊഥെയൊസിന്റെ പ്രവൃത്തി.* അവരെ ആസ്യയിലെങ്ങും മനസ്സുറപ്പില്ലാത്തവരും, അധാർമ്മികരും, അന്ധവിശ്വാസികളും ആയി അറിയപ്പെട്ടിരുന്നു. "കരയുന്ന തത്വചിന്തകൻ" ആയിരുന്ന ഹെരാക്ലിറ്റസ്, പട്ടണത്തിലെ ഒരു പൗരൻ, താൻ ഒരിക്കലും ചിരിക്കാതിരിക്കുവാൻ കാരണം എഫെസൊസിലെ ദുർമ്മാർഗ്ഗം ആയിരുന്നു എന്നാണ് പറഞ്ഞത്. ക്ഷേത്രത്തിന്റെ ധാർമ്മികത ആ മൃഗീയരുടെ കീഴിലായിരുന്നു എന്നും അതിനാൽ എഫെസ്യർ മുങ്ങിപ്പോകുവാൻ യോഗ്യരും ആണ് എന്നദ്ദേഹം പറഞ്ഞു.

*എ.ഡി. 53-ൽ അല്ലെങ്കിൽ 54-ൽ, കൊരിന്തിൽ നിന്നു പാലസ്തീനിലേക്ക് പൗലൊസ്, അക്വില്ല, പ്രിസ്ക്കില്ല എന്നിവരുടെ യാത്രയിൽ എഫെസൊസിൽ ഇറങ്ങിയതുകൊണ്ടാണ് എഫെസൊസിൽ സഭ ആരംഭിച്ചത്.* പൗലൊസ് പള്ളിയിൽ യെഹൂദന്മാരോടു സംവാദിക്കയുണ്ടായി (പ്രവൃത്തികൾ 18:18–21). പിന്നീട്, യെഹൂദ സഭ എന്നതിനു പകരം, ജാതികളിൽ നിന്നുള്ളവർ നിറഞ്ഞ ഒരു സഭയായിട്ടാണ് കാണപ്പെട്ടത്.

ഏതാണ്ട് അഞ്ചു വർഷങ്ങൾക്കുശേഷം പൗലൊസ് മടങ്ങിവന്ന

പ്പോൾ, ശരിയല്ലാത്ത സ്നാനം ഏറ്റ ഒരു ഡസൻ ശിഷ്യന്മാരെ അവൻ കണ്ടു. അവൻ അവരുടെ കുറവു അവരെ ബോധ്യപ്പെടുത്തുകയും അവർ ഓരോരുത്തരും വീണ്ടും ശരിയായി സ്നാനം ഏല്ക്കുകയും ചെയ്തു (പ്രവൃത്തികൾ 19:1–5). ഈ മിഷ്ണറി യാത്രയിൽ (അവന്റെ മൂന്നാമത്തെ), മൂന്നു മാസം പൗലൊസ് ഒരു പള്ളിയിൽ പ്രസംഗിച്ചു. ശക്തമായ എതിർപ്പ് പൊട്ടിപ്പുറപ്പെട്ടപ്പോൾ, അവൻ രണ്ടുവർഷത്തോളം തുറന്നൊസിന്റെ പാഠശാലയിൽ (സ്കൂളിൽ) പഠിപ്പിച്ചുകൊണ്ടിരുന്നു (പ്രവൃത്തികൾ 19:9, 10).

പൗലൊസ് അവിടെ ചെലവഴിച്ച സമയം നോക്കിയാൽ എഫെസൊസുമായുള്ള അവന്റെ പ്രവർത്തന പ്രാധാന്യം സൂചിപ്പിക്കുന്നു. പുറമെ, എഫെസൊസിൽ നിന്നു കൊരിന്ത്യർക്ക് ലേഖനം എഴുതിയപ്പോൾ അവൻ ഈ പ്രസ്താവന പറയുന്നു: "... എനിക്കു വലിയതും സഫലവുമായ ഒരു വാതിൽ തുറന്നിരിക്കുന്നു, ..." (1 കൊരിന്ത്യർ 16:9). വിശ്വസിച്ച എഫെസ്യർ തങ്ങളുടെ അമ്പതിനായിരം വെള്ളിക്കാശ് വിലയുള്ള (ഏതാണ്ട് നാല്പതിനായിരം രൂപയോളം) ക്ഷുദ്രപ്രയോഗവിദ്യകളെ കുറിച്ചുള്ള പുസ്തകങ്ങൾ ചുട്ടു കളഞ്ഞു എന്നതു സുവിശേഷം ആ പട്ടണത്തിൽ ഫലവത്തായി എന്നു സൂചിപ്പിക്കുന്നു (പ്രവൃത്തികൾ 19:18–20).

ഏതാണ്ട് എ.ഡി. 58-ൽ പൗലൊസ് അവസാനമായി യെരുശലേമിലേക്കു പോകുവാനിരുന്നപ്പോൾ എഫെസൊസ് സഭയിലെ മൂപ്പന്മാരോടു മിലേത്തൊസിൽ തന്നെ വന്നു കാണുവാനും, അവർക്ക് ഭാവിയിൽ സംഭവിപ്പാനുള്ളതു മുന്നറിയിക്കുവാനും, അവരാൽ യാത്ര - അയക്കപ്പെടുവാനും ആഗ്രഹിച്ചിരുന്നു. അവൻ അവിടെ മൂന്നുവർഷം പ്രവർത്തിച്ചിരുന്നു, ആ അദ്ധ്യക്ഷന്മാർ അവന്നു വിലയേറിയവരും ആയിരുന്നു. അവൻ പുറപ്പെട്ടു പോകുന്നതിനു മുമ്പു അവർ ഒരുമിച്ചു പ്രാർത്ഥിക്കുകയും വളരെ കരയുകയും ചെയ്തു (പ്രവൃത്തികൾ 20:17–38).

എഫെസ്യ സഭയ്ക്കു ആദ്യലേഖനം എഴുതി മുപ്പതു വർഷങ്ങൾക്കുശേഷം, മറ്റൊന്നു യോഹന്നാന്റെ വെളിപ്പാടിന്റെ ഭാഗമായി അവരെ സംബോധന ചെയ്തു എഴുതുന്നുണ്ട്. ആ ലേഖനം എഫെസൊസിൽ എന്ത് സഹിച്ചുവെന്നതും സഭയുടെ താല്പര്യ സമർപ്പണം ഏതാണ്ട് കുറഞ്ഞുവരുന്നതായും വെളിപ്പെടുത്തിയിരിക്കുന്നു (വെളിപ്പാട് 2:1–7).

#### മക്കെദൊന്യ

ചുരുക്കി പറഞ്ഞാൽ, മക്കെദൊന്യ ദേശത്തു നിന്നാണ് തിമൊഥെയൊസിനുള്ള ഒന്നാം ലേഖനവും തിത്തൊസിനു എഴുതിയ ലേഖനവും എഴുതിയത് (1:3).

## 1, 2 തിമൊഥെയൊസിലും തിത്തൊസിലും പറഞ്ഞിരിക്കുന്ന ആശയങ്ങൾ

#### കൃപ

സ്ത്രീക്കും പുരുഷനും അവരുടെ രക്ഷക്കുവേണ്ടി, ദൈവം തന്റെ സ്നേഹത്താൽ സാധ്യമാക്കുന്ന സമ്പാദിക്കാൻ പറ്റാത്ത, അയോഗ്യമാ

യ, അനർഹമായ ഉപകാരമാണ് കൃപ. യുവ ഉപദേഷ്ടാക്കന്മാർക്കു പൗലൊസ് ലേഖനം എഴുതുമ്പോൾ കൃപ എന്ന വാക്ക് അടിക്കടി ഉപയോഗിച്ചിട്ടുണ്ട് (1 തിമൊഥെയൊസ് 1:2; 1:14; 6:21; 2 തിമൊഥെയൊസ് 1:2; 1:9; 2:1; 4:22; തിത്തൊസ് 1:4; 2:11; 3:7, 15). കൃപയാലുള്ള, രക്ഷ, പൗലൊസിന്റെ മനസ്സിൽ പ്രാധാന്യമുള്ളതായിരുന്നതുകൊണ്ട് അവൻ ദൈവത്തെയും ക്രിസ്തുവിനെയും "രക്ഷകൻ" ആയി സംയുക്തമാക്കിയ തന്റെ മറ്റു ലേഖനങ്ങളെ അപേക്ഷിച്ചു കൂടുതലായി ഈ ലേഖനങ്ങളിൽ സൂചിപ്പിച്ചിരിക്കുന്നു (മൊത്തം പത്തു വാക്യങ്ങളിൽ, തിത്തൊസിന്റെ ലേഖനത്തിൽ മൂന്നു അദ്ധ്യായങ്ങളിൽ ആറെണ്ണം നമുക്കു കാണാം).

**സൽപ്രവൃത്തികൾ**

ഈ മൂന്നു ലേഖനങ്ങളിൽ പൗലൊസ് പതിമൂന്നു വാക്യങ്ങളിൽ സൽപ്രവൃത്തികളെ കുറിച്ചു പറയുന്നു; തിമൊഥെയൊസിനു എഴുതിയ രണ്ടു ലേഖനങ്ങളിൽ പോലും അതു കാണുന്നുണ്ട് (1 തിമൊഥെയൊസ് 2:10; 5:10 [2 പ്രാവശ്യം]; 5:25; 6:18; 2 തിമൊഥെയൊസ് 2:21; 3:17). അവർ നല്ലവർ ആയിട്ടും അല്ലെങ്കിൽ സൽപ്രവൃത്തികൾ ചെയ്തിട്ടും ക്രിസ്ത്യാനികൾ രക്ഷിക്കപ്പെടാതെയിരുന്നാൽ പോലും അവർ നന്മ ആഗ്രഹിക്കയും സൽപ്രവൃത്തികൾ മുടക്കം കൂടാതെ ചെയ്യുകയും വേണം. അങ്ങനെ ചെയ്യുക എന്നാൽ യേശുവിന്റെ മാതൃക പിൻതുടരുക എന്നാണ്. പൗലൊസ് "നല്ല" എന്ന വാക്ക് മറ്റു കാര്യങ്ങളെ ബന്ധപ്പെടുത്തി പറയുമ്പോഴും അടിക്കടി ഉപയോഗിക്കുന്നുണ്ട് – ഉദാഹരണമായി, "നല്ല മനസ്സാക്ഷി" (1 തിമൊഥെയൊസ് 1:5, 19; എബ്രായർ 13:18), "നല്ല പോർ" (1 തിമൊഥെയൊസ് 1:18; 6:12; 2 തിമൊഥെയൊസ് 4:7), "നല്ല ദാസൻ" (1 തിമൊഥെയൊസ് 4:6), "നല്ല സ്വീകാരം" (1 തിമൊഥെയൊസ് 6:12, 13).

**രാജാവും രാജത്വവും**

ഒരുപക്ഷെ പൗരന്റെ എല്ലാ കാര്യത്തിലും ഉള്ള അധികാരം കൈസർ എങ്ങനെ അവകാശപ്പെട്ടു എന്നു നോക്കിക്കൊണ്ടായിരിക്കാം, പൗലൊസ് യേശുവിനെ അടിക്കടി അതിശക്തമായി "രാജാവ്" എന്നും "രാജാധിരാജാവ്" എന്നും പറഞ്ഞിരിക്കുന്നതു (1 തിമൊഥെയൊസ് 1:17; 6:15) അവന്റെ "രാജത്വ" ത്തെ കുറിച്ചു (2 തിമൊഥെയൊസ് 4:1, 18) അന്തിമ ലക്ഷ്യമായും ജീവിതത്തിന്റെ വിലയുമായാണ് പറഞ്ഞിരിക്കുന്നത്. അവൻ ഒരിക്കലും ഗവൺമെന്റിനോട് എതിർത്തില്ല (നോക്കുക തിത്തൊസ് 3:1); മറിച്ചു, അവൻ അവർക്കുവേണ്ടി പ്രാർത്ഥിപ്പാൻ ആവശ്യപ്പെടുകയാണ് (1 തിമൊഥെയൊസ് 2:1, 2). നേരെമറിച്ച്, അവൻ ആത്മികവും ലൗകികവുമായതിനെ വേർതിരിച്ചു, അങ്ങനെ ക്രിസ്ത്യാനികൾക്കുള്ളിലും അവരുടെ മേലും വാഴേണ്ടതു ക്രിസ്തു മാത്രമാണെന്നു അവരെ ബോധ്യമാക്കുന്നു.

**യുവത്വം**

പൗലൊസ് പരിശീലിപ്പിച്ച ആ യുവാക്കൾ അവരുടെ യുവത്വത്താൽ അവരുടെ പ്രവൃത്തികൾ കാണേണ്ടത് എങ്ങനെ എന്നു മനസ്സിലാ

ക്കുവാൻ പൗലൊസ് ആഗ്രഹിച്ചു. ഒരുപക്ഷെ പ്രായമായ ഒരാളെ പോലെ ഗൗരവമായി ചിന്തിക്കാത്ത അപകടകരമായ പ്രായത്തിലായിരുന്നു അവർ (1 തിമൊഥെയൊസ് 4:12). ഗണ്യമാക്കാതെയുള്ള അവരുടെ പരിശ്രമങ്ങൾ വളരെ സങ്കീർണ്ണമായി തീരും. അവരെ വിമർശിക്കുന്നവർ പോലും ബഹുമാനിക്കത്തക്ക രീതിയിലാണ് സംസാരിക്കേണ്ടതും ജീവിക്കേണ്ടതുമെന്നു പൗലൊസ് നിർദ്ദേശിച്ചിരുന്നു (2 തിമൊഥെയൊസ് 4:1–5; തിത്തൊസ് 2:15).

**ക്രിസ്റ്റോളജി**

ഈ ലേഖനങ്ങളിലെ പൗലൊസിന്റെ ക്രിസ്റ്റോളജി തെറ്റിദ്ധരിക്കരുത്. ക്രിസ്തു മാത്രമാണ് ദൈവം. അവൻ മാത്രമാണ് അനുഗ്രഹിക്കപ്പെട്ടവനും ശക്തനും. അവൻ രാജാധിരാജാവാണ്. അവൻ കർത്താധികർത്താവാണ്. അവൻ കർത്താവാണ് (1 തിമൊഥെയൊസ് 1:17; 6:14–16; 2 തിമൊഥെയൊസ് 4:17, 18). ക്രിസ്തുവിനെ "യഹോവയായ" ദൈവം എന്നു തിരിച്ചറിയാതെ ഉപദേശം നടത്തുന്നവരുണ്ട്! അതു നിരാശാജനകവും ദുഃഖകരവുമായ തെറ്റു തന്നെ. ക്രിസ്തു മാത്രമാണ് കർത്താവു.

---

കുറിപ്പുകൾ

[1]ആൽബെർട്ട് എം. വെൽസ്, ജൂനിയർ., *ഇൻസ്പയറിങ്ങ് ക്വട്ടേഷൻസ്* (നാഷ് വില്ലേ: തോമസ് നെൽസൺ പബ്ലിഷേഴ്സ്, 1988), 222. [2]1 ഉം 2 തിമൊഥെയൊസും തിത്തൊസിന്റെ ലേഖനവും ചേർത്തു "ഇടയ ലേഖനങ്ങൾ" എന്നു വിളിക്കുന്നതു നിർഭാഗ്യകരമാണ്. നമ്മുടെ അറിവനുസരിച്ചു, തിമൊഥെയൊസോ തിത്തോസോ ഒരിക്കലും ഒരു പാസ്റ്റർ (അല്ലെങ്കിൽ മേയ്ക്കുന്നവൻ, മൂപ്പൻ) ആയി സേവിച്ചിട്ടില്ല. ധാരാളം ഇടയ തത്വങ്ങൾ ഈ പേജുകളിൽ കാണാമെങ്കിലും, ചില സംഘടനാപരമായ തെറ്റിദ്ധാരണകൾ പോൾ ആൻടനും (1726) തോമസ് അക്വിനാനും (1274) ഉണ്ടാക്കിയത് "പാസ്റ്റർ" എന്നും "പാസ്റ്റോറൽ" എന്നും പ്രാമുഖ്യത്താൽ, തിമൊഥെയൊസിനെയും തിത്തൊസിനെയും തിരിച്ചറിയിച്ചപ്പോഴാണ്. *സുവിശേഷകന്മാരായിരുന്ന* തിമൊഥെയൊസിനും തിത്തൊസിനുമാണ്, പൗലൊസ് ഈ ലേഖനങ്ങൾ എഴുതിയത് (1 തിമൊഥെയൊസ് 1, 2; 2 തിമൊഥെയൊസ് 4:5). പുതിയ നിയമോപദേശങ്ങളെല്ലാം പാസ്റ്റർ, അല്ലെങ്കിൽ ഷെപേർഡ് എന്നു പറയുന്നുണ്ട് (ഗ്രീക്ക്: *പോയ്മെൻ*), നടത്തുന്നവർ അല്ലെങ്കിൽ മൂപ്പന്മാർ എന്നും പറഞ്ഞിട്ടുണ്ട് (നോക്കുക പ്രവൃത്തികൾ 20:17, 28; 1 പത്രൊസ് 5:1–3; തിത്തൊസ് 1:5–7). തീർച്ചയായും, ഒരു സുവിശേഷകൻ (ഉപദേഷ്ടാവു) നടത്തുന്നവരിൽ നിന്നും, പ്രത്യേകതയുള്ളവരാണ് (എഫെസ്യർ 4:11). അതുകൊണ്ട്, "പാസ്റ്റർ" എന്ന വാക്കുമായി ഈ ലേഖനങ്ങൾ ബന്ധപ്പെടുത്തിയിരിക്കുന്നതിനുള്ള ഏക കാരണം പൗലൊസ് അവിടെ പറഞ്ഞിരിക്കുന്ന മൂപ്പന്മാരുടെ അഥവാ മേയ്ക്കുന്നവരുടെ യോഗ്യതകളും, കൂടാതെ അംഗങ്ങൾ അവരുടെ പ്രവൃത്തികളിൽ എങ്ങനെ ബന്ധപ്പെട്ടിരിക്കണമെന്നു കാണിക്കുന്ന ചില നിർദ്ദേശങ്ങളുമാണ് (1 തിമൊഥെയൊസ് 3:1–12; 5:17–22; തിത്തൊസ് 1:5–11). ഇതു പ്രത്യേകമായി, അപ്പോൾ, സുവിശേഷകന്മാർക്കുള്ള ഒരു ദൈവശ്വാസിയ

ലേഖനമാണ്. [3]വില്ല്യം ഹെൻറിക്ക്സൻ, *എ കമെന്ററി ഓൺ 1 ആന്റ് 2 തിമൊഥി ആന്റ് തിത്തൊസ്* (ലണ്ടൻ: ദ ബാനർ ഓഫ് ട്രൂത്ത് ട്രസ്റ്റ്, 1964), 33–34. [4]മെറിൽ സി. ടെന്നി, *ന്യു ടെസ്റ്റമെന്റ് സർവ്വേ* (ലണ്ടൻ: ഇന്റർ-വാഴ്സിറ്റി ഫെല്ലോഷിപ്പു, 1961), 332–33. [5]തെയോഡർ സാൻ, *ഇൻട്രൊഡക്ഷൻ ടു ദ ന്യൂ ടെസ്റ്റമെന്റ്* (എഡിൻബറോ, സ്കോട്ട്ലന്റ്: റ്റി. ആന്റ് റ്റി. ക്ലാർക്ക്, 1909), 2:10. [6]ഏതാണ്ടു ഏ.ഡി. 95-ൽ റോമിലെ ക്ലെമന്റ് കൊരിന്ത്യർക്കു ഒരു ലേഖനം എഴുതിയതിൽ ഭാഗം 5-ൽ പറയുന്നതു, "നമ്മുടെ തലമുറയിലെ ഉത്തമ മാതൃകകൾ നമുക്കു മുൻപിലുള്ളതു നമുക്ക് എടുക്കാം. അസൂയയാലും പിണക്കത്താലും ... സഭ യുടെ മിക്ക നീതിമാന്മാരായിരുന്ന തുണുകളായിരുന്നവർ ഉപദ്രവിക്കപ്പെട്ടു ... പൗലൊസ് തന്റെ മാതൃകയാൽ ക്ഷമയും സഹിഷ്ണുതയും കാണിച്ചു കൊടുത്തു. അതിനുശേഷം അവൻ ഏഴു പ്രാവശ്യം ചങ്ങലയിൽ ബന്ധിതനായിരുന്നു ... കിഴക്കും പടിഞ്ഞാറും അവൻ പ്രസംഗിച്ചു, ... ലോകം മുഴുവനും നീതി പഠിപ്പിക്കുകയും പടിഞ്ഞാറിന്റെ അതിരുകളോളം എത്തുകയും ചെയ്തു" (ജെ. ബി. ലൈറ്റ്ഫൂട്ട്, *ദ അപ്പൊസ്തലിക് ഫാദേഴ്സ്* [ലണ്ടൻ: മാക്ക്മില്ലൻ ആന്റ് കമ്പനി., 1891; പുനഃപ്രസിദ്ധീകരണം, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1967], 15). കൂടുതൽ വിവരങ്ങൾക്കു ദ മുറാറ്റോറിയൻ കാനൻ, യൂസേബിയസ്, ക്രിസോസ്റ്റം, ജെറോം ഇൻ ഹെന്റിക്സെനിൽ കാണാം, 27; കൂടാതെ വില്യം ബാർക്ക്ലേ, *ദ ലെറ്റേഴ്സ് ടു തിമൊഥി, തിത്തൊസ് ആന്റ് ഫിലേമോൻ*, ദ ഡെയിലി സ്റ്റഡി ബൈബിൾ സീരീസ്, റെവ. ഇഡി. (ഫിലദെൽഫിയ: വെസ്റ്റ്മിൻസ്റ്റർ പ്രെസ്, 1960), 14. [7]തിമൊഥെയൊസ് എന്നത് പുതിയ നിയമത്തിൽ വേറെ പത്തൊൻപതു പ്രാവശ്യം സൂചിപ്പിച്ചിരിക്കുന്നു. [8]തിമൊഥെയൊസിന്റെ കാര്യത്തിൽ പരിഛേദന കഴിപ്പാൻ എടുത്ത തീരുമാനം തിത്തൊസിന്റെ കാര്യത്തിൽ മുൻപ് എടുക്കാതിരുന്നതുകൊണ്ട് പൗലൊസിനെ അസ്ഥിരൻ എന്നു ചിലർ കുറ്റപ്പെടുത്തിയിട്ടുണ്ട്. തിത്തൊസ് ജാതിയിൽ പെട്ടവനായിരുന്നു. അബ്രഹാമിനോടു ചെയ്ത പരിഛേദനയുടെ ഉടമ്പടി ജാതികളെ യെഹൂദ പരിഛേദന ഏൽപിപ്പാൻ ആവശ്യപ്പെടുന്നില്ല, കാരണം എബ്രായർക്കുമാത്രമായിരുന്നു ദൈവം ആ ഉടമ്പടി ചെയ്തത്. ക്രിസ്തീയ സുവിശേഷം ആരെയും പരിഛേദന ഏൽപിപ്പാൻ ആവശ്യപ്പെടുന്നില്ല. അതുകൊണ്ട്, തിത്തൊസിനെ അത്തരം ആചാരം കഴിപ്പിക്കേണ്ട ആവശ്യമില്ലായിരുന്നു. ഇത് നിയമത്തെ മുറുകെ പിടിക്കുന്നവർക്കുള്ള മുഖ്യ തെളിവായിരുന്നു. ഇത് പൗലൊസ് തിമൊഥെയൊസിനെ പരിഛേദന കഴിപ്പിച്ചതിനെതിരായി വാദിക്കേണ്ടതല്ല. പരിഛേദനക്ക് മതപരവും വർഗ്ഗീയപരവുമായ പ്രാധാന്യം ഉണ്ടായിരുന്നു. *ഇവയൊന്നും* തിത്തൊസിനെ ബാധിക്കുന്നതായിരുന്നില്ല എങ്കിലും; തിമൊഥെയൊസിനെ സംബന്ധിച്ച്, വർഗ്ഗീയ പ്രാധാന്യം ഉണ്ടായിരുന്നു. ഇതിന്റെ വെളിച്ചത്തിൽ, പൗലൊസിന്റെ പ്രവൃത്തികൾ സ്ഥിരമായിരുന്നു എന്നത് സ്പഷ്ടമാണ്.